പ്രഖ്യാപിച്ച പുതിയ നിർദ്ദേശങ്ങൾക്ക് വേണ്ടി വരുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

	തുക കോടിയിൽ
2011-12	982.73
2012-13	1118.66
2013-14	1400.58
2014-15	1398.80
2015-16	1931.41

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും എണ്ണം

103 (109) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഖജനാവിൽനിന്നും ശമ്പളം പറ്റുന്ന സർക്കാർ ജീവനക്കാർ എത്രയായിരുന്നു ; ഇപ്പോൾ എത്രപേരുണ്ട് ; ഇതിനിടയിൽ റിട്ടയർമെന്റ്/മരണം തുടങ്ങിയവ വഴി സർവ്വീസിൽനിന്നും ഒഴിവാക്കപ്പെട്ടവർ എത്ര ; സർക്കാർ നിർത്തൽചെയ്ത തസ്തികകൾ എത്ര; പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ എത്ര ; പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ എയഡഡ് മേഖലയിൽ എത്രയായിരുന്നു ;

(ബി) സംസ്ഥാനത്ത് സർവ്വീസിൽനിന്നും പെൻഷൻപറ്റി ഇപ്പോഴും പെൻഷൻ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർ എത്ര ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിതലംമുതൽ സ്പെഷ്യൽ സെക്രട്ടറിതലംവരെ 263 ജീവനക്കാരുണ്ടായിരുന്നു. ഇപ്പോൾ 269 ജീവനക്കാരുണ്ട്. റിട്ടയർമെന്റ്/മരണം തുടങ്ങിയവവഴി 233 പേർ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. തസ്തികകളൊന്നും നിർത്തലാക്കിയിട്ടില്ല. പുതുതായി 10 തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ട്രഷറി വകുപ്പിൽനിന്നും ശമ്പളം പറ്റുന്ന 3534 ജീവനക്കാരുണ്ടായിരുന്നു. ഇപ്പോൾ 3,606 ജീവനക്കാരുണ്ട്. ഇതിനിടയിൽ റിട്ടയർമെന്റ്/മരണം തുടങ്ങിയവ വഴി സർവ്വീസിൽ നിന്നും 389 പേർ ഒഴിവായിട്ടുണ്ട്. തസ്തികകളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ 79 പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മറ്റ് പദവികളിലും വകുപ്പുകളിലുമുള്ള ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 26-11-2015 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് സർവ്വീസിൽ നിന്നും പെൻഷൻപറ്റി ഇപ്പോഴും പെൻഷൻ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർ 4,43,924 പേരാണ്.

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം

104 (110) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളപരിഷ്കരണം അവസാനമായി നടത്തിയത് എന്നാണ് ; എത്ര വർഷത്തിലൊരിക്കലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് ; അടുത്ത ശമ്പളപരിഷ്കരണം എന്നാണ് നടപ്പിലാക്കേണ്ടത് എന്ന് അറിയിക്കാമോ ?

ഉത്തരം

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് 1-7-2009-ൽ ആണ്. നിലവിലെ കീഴ്വഴക്കമനുസരിച്ച് അഞ്ചു വർഷത്തിലൊരിക്കലാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത്. പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശകൾ പരിശോധിച്ചശേഷം അടുത്ത ശമ്പളപരിഷ്കരണം നടപ്പിലാക്കുന്ന തീയതി സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം

105 (111) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം ഏത് തീയതി അടിസ്ഥാനമാക്കിയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(ബി) നിലവിലെ ശമ്പള കമ്മീഷൻ സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണം എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം അഞ്ച് വർഷത്തിൽ ഒരിക്കൽ പുതുക്കി നിശ്ചയിക്കാറുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രീതി തുടരുമോ ?

ഉത്തരം

(എ&ബി) ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly